പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2048 07.03.2017 ൽ മറുപടിയ്ക്ക്

മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കാൻ നടപടി -

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എൻ. വിജയൻ പിള്ള | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) | മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ കൂടുതൽ സ്റ്റോക്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. വിൽപ്പനയ്ക്കാനുപാതികമായി എല്ലാ സപ്ലൈകോ വിൽപ്പനശാലകളിലും പര്യാപ്തമായ സ്റ്റോക്ക് സൂക്ഷിക്കുന്നുണ്ട്. |
| (ബി) | 25 രൂപയ്ക്ക് ലഭിച്ചിരുന്ന അരി അതേ വിലയ്ക്ക് സബ്സിഡി നൽകി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരി ഉൾപ്പെടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മട്ട അരി കിലോ ഗ്രാമിന് 24/- രൂപയും, ജയ അരി, കുറുവ അരി എന്നിവ കിലോ ഗ്രാമിന് 25/- രൂപയും, പച്ചരി കിലോഗ്രാമിന് 23/- രൂപയും സബ്സിഡി നിരക്കിൽ നൽകി വരുന്നു. |
| (സി) | അടുക്കും ചിട്ടയും ഇല്ലാതെ കാലങ്ങളായി പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറുകൾ വൃത്തിയാക്കി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ചു വരുന്നു. നവീകരണത്തിന്റെ ഭാഗമായി ശരാശരി 10 ലക്ഷത്തിലധികം വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിച്ചു വരുന്നുണ്ട്. സ്ഥല പരിമിതിയുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥലം വാടകയ്ക്കെടുത്ത് സ്ഥല സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ഥല സൗകര്യം വളരെ കുറഞ്ഞ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറുകൾ സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ